II.ഇ.ബി. XII-കേരള നിയമസഭ/XI-14

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂലൈ 10, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

46 (*391) എസ്.എസ്.എ. പദ്ധതി

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ.ബേബി) നൽകിയ മറുപടിയിൽ, എസ്.എസ്.എ. പദ്ധതിക്കായി 2002-03 മുതൽ 2008-09 വരെ 48,662.73 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 21,585.58 ലക്ഷം രൂപ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. 2002-03-ൽ അനുവദിച്ച തുകയുടെ 28.63 ശതമാനവും 2003-04-ൽ 47.70 ശതമാനവും 2004-05-ൽ 54.51 ശതമാനവും 2005-06-ൽ 58.74 ശതമാനവും 2006-07-ൽ 58.29 ശതമാനവും 2007-08-ൽ 86.24 ശതമാനവും 2008-09-ൽ 93.82 ശതമാനവും സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്. 2002-03-മുതൽ 2005-06 വരെയുള്ള വർഷങ്ങളിൽ ആസൂത്രണത്തിലും നിർവ്വഹണത്തിലും പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടലുകൾ വേണ്ടത്ര ഉറപ്പുവരുത്താത്തതിനാലും മതിയായ ജീവനക്കാരുടെ അഭാവവും ഉണ്ടായിരുന്നതിനാലുമാണ് മുഴുവൻ തുകയും ചെലഴിക്കാൻ

സാധിക്കാത്തത്. നിലവിൽ ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് എസ്.എസ്.എ പദ്ധതി കേരളത്തിൽ വിജയകരമായി നടപ്പാക്കി വരികയാണ്. കേരളത്തിൽ പദ്ധതി വൻ വിജയമായതിനാൽ കേന്ദ്ര സർക്കാരിന് കീഴിലുള്ള മാനവവിഭവശേഷി വികസന മന്ത്രാലയം പ്രത്യേകം അഭിനന്ദനം അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിലെ എസ്.എസ്.എ പദ്ധതി വിലയിരുത്തുവാൻ 2009 ജനുവരിയിൽ സന്ദർശനം നടത്തിയ ജോയിന്റ് റിവ്യൂ മിഷൻ കേരളം പദ്ധതി നടപ്പിലാക്കുന്നത് മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് അവരുടെ റിപ്പോർട്ടിൽ പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മറ്റു സംസ്ഥാനങ്ങളിലെ പ്രതിനിധികളെ കേരളത്തിൽ പോയി പദ്ധതി നടപ്പിലാക്കുന്നത് കണ്ടു മനസ്സിലാക്കുവാൻ പ്രത്യേകം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എസ്.എസ് എ. യുടെ 2007-08 വർഷം വരെയുള്ള ചെലവുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്തിട്ടുണ്ട്. 2008-09 വർഷത്തെ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് എം.എൽ.എ. മാർക്ക് തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഈ പദ്ധതി .തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും ധനകാര്യ വകുപ്പിന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും ഏകോപനത്തിലൂടെ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഫണ്ട് ചെലവഴിക്കുന്നതിനായി ഓരോ വർഷവും ബഡ്ജറ്റ് തയ്യാറാക്കുന്നുണ്ട്. ഗുണമേൻമയുള്ള വിദ്യാഭ്യാസം നടപ്പാക്കുന്നതിന് ഫണ്ടിന്റെ 61 ശതമാനവും ഭൗതിക സൗകര്യം മെച്ചപ്പെടുത്താൻ 33 ശതമാനവും മാനേജ്മെന്റ് ചെലവുകൾക്ക് 6 ശതമാനവും തുക നീക്കിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 60 : 40 എന്ന അനുപാതത്തിലാണ് ലഭ്യമാകുന്നത്. ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ

സർവ്വകാല റിക്കാർഡാണ് കേരളം കൈവരിച്ചിരിക്കുന്നത്. ഈ പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ജില്ലാ ആസൂത്രണ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് എം.പി.മാരുടേയും എം.എൽ.എ മാരുടേയും ഉദ്യോഗസ്ഥരുടേയും സഹകരണത്തോടെ നൂറു ശതമാനം വിജയത്തിലെത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. എസ്.എസ്.എ പദ്ധതി 2011 മാർച്ച് 31-ന് അവസാനിക്കുന്ന സാഹചര്യത്തിൽ 9, 10 ക്ളാസ്സുകളിലേയ്ക്കായി രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ എന്ന പുതിയ പദ്ധതിക്ക് കേന്ദ്ര സർക്കാർ രൂപംകൊടുത്തിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ പശ്ചാത്തല സൗകര്യം ലഭ്യമാക്കുന്നതിന് എസ്.എസ്.എ. ഫണ്ട് ഉപയോഗിക്കുന്നത് സംബന്ധിച്ച് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സംവിധാനമുണ്ടാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 100-ലധികം കുട്ടികൾ പഠിക്കുന്ന ബഥനി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. വിദ്യാഭ്യാസത്തിന്റെ ഗുണമേൻമയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അദ്ധ്യാപക പരിശീലന പരിപാടി ഉൾപ്പെടെയുള്ള ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതാണെന്നും ശാസ്ത്രീയ വർഷം പ്രമാണിച്ച് ലിറ്റിൽ സയന്റിസ്റ്റ് പ്രോഗ്രാം നടത്തിയപ്പോൾ കുട്ടികൾക്ക് കൊടുക്കാൻ ബോംബെയിൽനിന്ന് സയൻസ് കിറ്റ് വാങ്ങിയത് പൂർണ്ണമായും പർച്ചേസ് മാനുവൽ പ്രകാരമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

47(* 392) <u>ലാന്റ് ഇൻഫർമേഷൻ മിഷൻ പദ്ധതി</u>

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെ

ടുത്തി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ 5 കോടി രൂപ സംസ്ഥാന വിഹിതമാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ റീസർവ്വേ മൂന്നു വർഷത്തിനകം പൂർത്തിയാക്കുക, സർക്കാർ പുറമ്പോക്ക് സംബന്ധിച്ച് രേഖകൾ നാളതീകരിക്കുക, സംസ്ഥാനത്തെ 27000 ഹെക്ടറോളം വരുന്ന ആദിവാസി വനഭൂമി സർവേ ചെയ്യുക, തിരുവനന്തപുരം താലൂക്കിലെ 31 വില്ലേജുകളിലെ റീസർവ്വെ NLRMP മുഖേന പൂർത്തിയാക്കുക, ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമി സർവ്വേ ചെയ്യുക, സർക്കാർ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന വിവിധ പദ്ധതികൾക്കായുള്ള സ്ഥലങ്ങൾ സർവ്വെ ചെയ്യുക എന്നീ പരിപാടികളാണ് ഭൂമി കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വകുപ്പിൽ അടുത്തകാലം വരെ ചെയിൻ, ക്രോസ് സ്റ്റാഫ്, ഥിയോഡോലൈറ്റ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചാണ് പരമ്പരാഗത രീതിയിൽ സർവ്വെ ചെയ്തിരുന്നത്. 1998-ന് ശേഷം 60 ലക്ഷം രൂപ മുടക്കി 4 ജി.പി.എസ്, 15 കോടിയിലധികം രൂപ ചെലവാക്കി 136 ടോട്ടൽ സ്റ്റേഷൻ എന്നിവ വാങ്ങിച്ചിട്ടുണ്ടെങ്കിലും ശരിയായ രീതിയിൽ ആഫീസർമാർക്കോ, ജീവനക്കാർക്കോ പരിശീലനം നൽകിയിരുന്നില്ല. അടുത്ത കാലത്ത് മാത്രമാണ് സർവ്വെ ഓഫ് ഇന്ത്യയിൽ 180 ഓളം സർവ്വെ ജീവനക്കാർക്ക് 5 ആഴ്ചക്കാലം നീണ്ടുനിൽക്കുന്ന പരിശീലനം നൽകിയിട്ടുള്ളത്. ഏരിയൽ ഫോട്ടോഗ്രാമെട്രി, സാറ്റലൈറ്റ് ഇമേജറി, ജിയോഗ്രഫിക്കൽ ഇൻഫോർമാറ്റിക് സിസ്റ്റം, ജി.പി.എസ്, ടോട്ടൽ സ്റ്റേഷൻ, കാഡ് സോഫ്റ്റ് വെയർ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യയിലുള്ള പരിശീലനമാണ് നൽകുന്നത്. വകുപ്പിൽ നിയതമായ ഒരു പരിശീലന പരിപാടി നൽകുവാനുള്ള സംവിധാനം ഇതുവരെ ഉണ്ടായിരുന്നില്ല. ഭൂമികേരളം

പ്രോജക്ട് അനുസരിച്ച് നിയമിക്കപ്പെടുന്ന 418 സർവ്വെയർമാർക്ക് 45 ദിവസത്തെ പരിശീലനം പോലീസ് അക്കാഡമിയിൽ നൽകുന്നുണ്ട്. അവിടെ ചെയിൻ സർവ്വെ, ഹയർ സർവ്വെ, ആധുനിക സർവ്വെ (ജി.പി.എസ്, ടോട്ടൽ സ്റ്റേഷൻ എന്നീ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള സർവ്വെ) എന്നി വയിലുള്ള പരിശീലനവും, ഫീൽഡിൽ നിന്നും ശേഖരിക്കുന്ന ഡാറ്റാപ്രോ സസ് ചെയ്യുന്നതിനും റെക്കോർഡുകൾ തയ്യാറാക്കുന്നതിനുമുള്ള പരിശീലന വുമാണ് നൽകുന്നത്. ഈ പരിശീലനത്തിന് താമസം, ഭക്ഷണം, പരിശീലകർക്കുള്ള ഓണറേറിയം എന്നീ കാര്യങ്ങൾക്കായി 17 ലക്ഷം രൂപ പോലീസ് അക്കാഡമിയിൽ അടയ്ക്കേണ്ടതുണ്ട്. ഹിൽ ഏരിയയിൽ സർവ്വേയ്ക്കായി പോകുന്ന ജീവനക്കാരുടെ ആരോഗ്യസ്ഥിത മെച്ചപ്പെടുത്തുന്നതിനും കഠിനമായ പരിതസ്ഥിതിക്കനുസരിച്ച് അവരെ സജ്ജമാക്കുക എന്ന ഉദ്ദേശത്തോടെയുമാണ് പോലീസ് അക്കാഡമിയെ പരിശീലനത്തിന്റെ ചുമതല ഏൽപ്പിച്ചത്. ഹൈദരാബാദിൽനിന്ന് പരിശീലനം ലഭിച്ച ഫാക്കൽറ്റിമാരുടെ നേതൃത്വത്തിലാണ് ഈ ജീവനക്കാർക്ക് പരിശീലനം നൽകുന്നത്. ജീവനക്കാർ ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗി ച്ചാണ് ഇപ്പോൾ സർവ്വെ നടത്തിവരുന്നത്. ഈ ഉപകരണങ്ങളിൽ യാതൊരു മുൻപരിചയവും ഇല്ലാത്ത ജീവനക്കാരെ ഉപയോഗിച്ച് റീസർവ്വെ സമയബ ന്ധിതമായി പൂർത്തിയാക്കാൻ കഴിയില്ല. ഈ സാഹചര്യം ഒഴിവാക്കുന്നതി നാണ് പുതുതായി നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീ ലനം നൽകുവാൻ തീരുമാനിച്ചത്. ഭൂമികേരളം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഒരു ഷെഡ്യൂൾ തയ്യാറാക്കി അതിന്റെ പരോഗതി വിലയിരുത്തുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു മോണിട്ടറിംഗ് കമ്മിറ്റിയെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ശാസ്ത്ര സാങ്കേതിക വകുപ്പ്, ഫോറസ്റ്റ്, റവന്യൂ, എൽ.എസ്.ജി.ഡി എന്നീ വകുപ്പുകൾ യോജിച്ച് നടത്തുന്ന സർവ്വേ നടപടികൾകൂടി പൂർത്തിയാക്കിയാൽ കണ്ണൻദേവൻ എസ്റ്റേറ്റ് ഉൾപ്പെടെ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈവശം വച്ചിരിക്കുന്ന സർക്കാർ വക ഭൂമി വീണ്ടെടുക്കാൻ സാധിക്കുന്നതാണ്. ലാന്റ് സർവ്വെ ഡിപ്പാർട്ടുമെന്റ് നടത്തിയ സർവ്വേ റിപ്പോർട്ടിലെ പാകപ്പിഴകൾ തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ കേരളം ഏറ്റവും പിന്നിൽ നിൽക്കുന്ന സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപടികൾ ത്വരിതപ്പെടുത്താൻ ശ്രമിക്കുന്നതാണ്. തിരുവനന്തപുരത്ത് തൈയ്ക്കാട്ട് ജനപ്രതിനിധികളുടേയും ജനങ്ങളുടേയും സഹകരണത്തോടെ റീസർവ്വേ നടപടികൾ വിജയകരമായി പൂർത്തിയാക്കിയതിന്റെ നല്ല റിസൾട്ട് വന്നിട്ടുണ്ട്. റവന്യൂ റെക്കോർഡിൽ രേഖപ്പെടുത്തിയിട്ടുള്ള തെറ്റുകൾ റീസർവ്വേ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാറ്റിയെടുക്കാൻ സാധിക്കും. നിയമസഭ പാസ്സാക്കിയ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് എതിരായി വയൽ നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. ജീവനക്കാരുടെ കുറവുമൂലം ലാന്റ് അക്വിസിഷൻ നടപടികൾ വൈകുന്നതുകൊണ്ട് ഇതിനായി 400-ഓളം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. പുതുതായി പരിശീലനം നേടിയെത്തുന്ന ജീവനക്കാരുടെ സഹായത്തോടെ ആദിവാസി വനാവകാശ നിയമം അനുസരിച്ച് ഭൂമി അളന്ന് തിട്ടപ്പെടുത്താനും ചെങ്ങറ ഭൂസമരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സാധിക്കുന്നതാണ്.

അലിഗഡ് യൂണിവേഴ്സിറ്റിയുടെ സ്ഥലമെടുപ്പിന് ഭൂമികേരളം പദ്ധതിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമെന്നും സർവ്വേ ആന്റ് ബൗണ്ടറീസ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നകാര്യം ആലോചിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

48(*393) <u>6-ാം ക്ളാസ്സിലെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ആറാം ക്ളാസ്സിലെ എല്ലാ പുസ്തകങ്ങളും പുതുതായി അച്ചടിക്കേണ്ടവയാണെന്നും ഇവയുടെ അച്ചടി പൂർത്തിയാക്കി വിതരണം പൂർത്തിയായി വരുന്നുവെന്നും സഭയെ അറിയിച്ചു. ഈ അധ്യയന വർഷം പാഠപുസ്തകങ്ങൾ എത്താത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് എം.എൽ.എ. മാരുടെകൂടി പങ്കാളിത്തത്തോടെ അത്തരം സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണെന്നും പാഠപുസ്തകങ്ങളുടെ അച്ചടിക്കും വിതരണത്തിനുമായി നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണെന്നും വിവിധ മേഖലകളിൽ അംഗീകരിക്കപ്പെടുന്ന വിദഗ്ദ്ധൻമാരടങ്ങിയ പാഠപുസ്തക കമ്മിറ്റി തയ്യാറാക്കുന്ന പുസ്തകങ്ങളുടെ ഗുണമേൻമ പ്രൊഫ. യശ്പാലിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ടെന്നും സ്റ്റേറ്റ് സിലബസ് പാഠപുസ്തകങ്ങളുടെ വിതരണം മൊത്തത്തിൽ കാര്യക്ഷമമായി നടക്കുന്നുണ്ടെന്നും സഭയെ മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത T3152 മുതൽ 3384 വരെയുള്ള ചോദ്യങ്ങളിൽ 75 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)